

# വിദ്യാഭ്യാസ വായ്പ സംബന്ധിച്ചുള്ള പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ

1. മെറിറ്റ്/പൊതു പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിൽ അർഹത നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസത്തിനാണ് വിദ്യാഭ്യാസ വായ്പ ലഭിയ്ക്കുന്നത്.
2. സർക്കാർ അംഗീകാരമുള്ള സാങ്കേതിക/പ്രൊഫഷനണൽ/ഇതര കോഴ്സുകൾക്ക് മാത്രമേ വായ്പ ലഭ്യമാകൂ.
3. വിദൂര വിദ്യാഭ്യാസം ക്യാമ്പസ്സേതര വിദ്യാഭ്യാസം തുടങ്ങിയവയ്ക്ക് വിദ്യാഭ്യാസ വായ്പ ലഭ്യമല്ല.
4. വിദ്യാഭ്യാസ വായ്പകൾ ബാങ്ക് ശാഖയുടെ അനുവദിച്ചിട്ടുള്ള സേവനമേഖലകൾക്ക് അനുസൃതമായിട്ടായിരിക്കും ലഭിക്കുക.
5. ട്യൂഷൻ ഫീസ്, ഭക്ഷണച്ചിലവ് അടക്കമുള്ള ഹോസ്റ്റൽ ഫീസ്, പഠനോപകരണങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയ്ക്കുള്ള ചിലവ് വായ്പയ്ക്ക് പരിഗണിക്കും.
6. ഓരോ കോഴ്സിനും പരമാവധി ലഭ്യമാകുന്ന തുക, പലിശ തുടങ്ങിയവ അതാത് ബാങ്കിന്റെ നിയമ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.
7. 4 ലക്ഷം വരെയുള്ള വായ്പകൾക്ക് പ്രത്യേകിച്ച് ഈട് നൽകേണ്ടതില്ല. അതിനുമുകളിൽ 7.5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ആൾ ജാമ്യം/തക്കതായ ഈട് നൽകേണ്ടതാണ്.
8. 7.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് ഈടും ആൾ ജാമ്യവും നൽകേണ്ടതാണ്.
9. രാജ്യത്തിനകത്തുള്ള പഠനത്തിന് പരമാവധി 10 ലക്ഷം രൂപ വരെയും വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ വരെയും വായ്പ ലഭിക്കുന്നു.
10. 4.5 ലക്ഷം വരെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് (വില്ലേജ് ആഫീസർ സർട്ടിഫിക്കറ്റ് പ്രകാരം) +2 കഴിഞ്ഞുള്ള പ്രൊഫഷണൽ / സാങ്കേതിക വിദ്യാഭ്യാസത്തിന് 01.04.2009 നുശേഷം വിതരണം ചെയ്ത തുകയ്ക്ക്, തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകി വരുന്നു.
11. പഠനകാലയളവ് അവസാനിച്ച് ഒരു വർഷത്തിനുശേഷം അല്ലെങ്കിൽ ജോലി കിട്ടി ആറു മാസത്തിനുശേഷം, ഏതാണോ ആദ്യം വരുന്നത് അന്നു മുതൽ വായ്പാ തിരിച്ചടവ് തുടങ്ങേണ്ടതാണ്.
12. 7.5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 10 വർഷവും, 7.5 ലക്ഷത്തിന് മുകളിലുള്ള വായ്പകൾക്ക് 15 വർഷവും തിരിച്ചടവ് കാലാവധി ലഭിയ്ക്കുന്നതാണ്.
13. മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയിട്ടുള്ള കുട്ടികൾക്ക് മേൽപറഞ്ഞ നിർദ്ദേശങ്ങൾ ബാധകമല്ല; അത്തരം വായ്പകൾ അതാതു ബാങ്കിന്റെ നിയമവ്യവസ്ഥകൾക്ക് വിധേയമായിരിക്കും.
14. വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പരാതികൾ അതാതു ജില്ലയിലെ ലീഡ് ബാങ്ക് മാനേജർക്ക് നൽകാവുന്നതാണ്.



(മേൽപറഞ്ഞ പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ
ഇന്ത്യൻ ബാങ്ക്സ് അസ്സോസിയേഷൻ
കാലാകാലങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾക്ക് വിധേയമാണ്.)

പൊതു ജനങ്ങളുടെ താൽപര്യാർത്ഥം
സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രസിദ്ധീകരിക്കുന്നത്.